## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 564

04.02.2020 ൽ മറുപടിക്ക്

## വ്യവസായ ഇടനാഴിയിൽ ഉൾപ്പെട്ടിട്ടുള്ള കേരളത്തിലെ പഞ്ചായത്തുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ.കെ.യു. അരുണൻ : | | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ ഇടനാഴിയിൽ ഉൾപ്പെട്ടിട്ടുള്ള കേരളത്തിലെ പഞ്ചായത്തുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (എ) & (ബി) | ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി 20.11.2019 ലെ സ.ഉ.(സാധാ) നം.1152/2019/വ്യവ ഉത്തരവ് പ്രകാരം കിൻഫ്രയെ ഈ പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. കിൻഫ്ര, പാലക്കാട് പദ്ധതിയ്ക്കായി (നോഡ് - I) ഭൂമി ഏറ്റെടുക്കുന്നതിനായി കണ്ണമ്പ്ര (310 ഏക്കർ), പുതുശ്ശേരി സെൻട്രൽ (600 ഏക്കർ), ഒഴലപ്പതി (250 ഏക്കർ) എന്നിവിടങ്ങളിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതുശ്ശേരി സെൻട്രലിനു സമീപത്തുള്ള 501 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ പാലക്കാട് കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തുകൾക്ക് പുറമെ സമീപ പഞ്ചായത്തുകളെ കൂടി വ്യവസായ ഇടനാഴിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ